# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1456** **04.12.2014-ൽ മറുപടിക്ക്**

## കാഞ്ഞങ്ങാടിനും പൊയിനാച്ചിക്കും ഇടയിൽ റോഡ് അറ്റകുറ്റ പണികൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ നാഷണൽ ഹൈവേയിൽ (NH-17) കാഞ്ഞങ്ങാടിനും - പൊയിനാച്ചിക്കും ഇടയിൽ ചാലിങ്കാൽ, പെരിയാട്ടടുക്കം, കുണിയ, പെരിയ ബസാർ എന്നിവിടങ്ങളിൽ റോഡ് നല്ല നിലയിൽ അറ്റകുറ്റപ്പണികൾ ചെയ്യാത്തത് കാരണം തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ശബരിമല സീസൺ ആരംഭിക്കുന്നതോടെ വാഹനങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ആയത് എത്രയും വേഗം ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ ദേശീയപാതയിൽ കാഞ്ഞങ്ങാടിനും പൊയിനാച്ചിക്കും ഇടയിൽ കേടുപാടുകൾ വന്ന റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി Flood Damage Repair-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. കൂടാതെ പ്രസ്തുത റോഡിൽ ചട്ടഞ്ചാൽ മുതൽ നീലേശ്വരം വരെ ഉപരിതലം പുതുക്കാനുള്ള 19 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉപരിതലം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Lalitha

സെക്ഷൻ ഓഫീസർ